**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4487** **18.05.2017-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബനവലന്റ് ഫണ്ട്**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് വിതരണത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ക്രമക്കേടുകൾ നടന്നതായി പറയപ്പെടുന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിൽ ഒരു പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി)<br>&<br>(സി) | 2011-2016 കാലയളവിൽ കാരുണ്യ ലോട്ടറി ഫണ്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ.ജി.സുരേഷ് കുമാർ എന്നയാൾ ബഹു. വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. നം.165/16 എന്ന പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു സത്വര അന്വേഷണം നടത്തി, തുടർ നടപടികൾ ആവശ്യമില്ലായെന്ന ശിപാർശയോടെ 13.03.2017 ൽ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല.<br><br>കൂടാതെ കാരുണ്യ ചികിത്സ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട് യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ ഒന്നും കണ്ടെത്താത്തതിനാൽ തുടർ നടപടി അവസാനിപ്പിക്കുകയും ഉണ്ടായി. കാരുണ്യാ പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ |
| (സി) | നിലവിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടക്കുന്നുണ്ടോ; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | വാങ്ങിയതിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും കുറ്റാരോപിതർക്ക് വകുപ്പുതല നടപടി ശിപാർശ ചെയ്തു റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത ശിപാർശ തുടർ നടപടികൾക്കായി ആരോഗ്യകുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.